കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **131/2026** തിരുവനന്തപുരം, തീയതി : **25/06/2026**

# പത്രക്കുറിപ്പ്

## കേരള സർവകലാശാല
## ബിഎഡ് സ്പോർട്സ് ക്വാട്ട - 2026

കേരളസർവകലാശാലയിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/ എയ്ഡഡ്/കെ യു സി റ്റി ഇ കോളേജുകളിലേക്കുള്ള 2026-27 അധ്യയന വർഷത്തിലെ ബിഎഡ് സ്പോർട്സ് ക്വാട്ട വിഭാഗത്തിലേക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികൾക്ക് ജൂൺ 29 വരെ പ്രൊഫൈലിൽ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാനുള്ള അവസരം ഉണ്ടായിരിക്കുന്നതാണ്. നിലവിൽ സ്പോർട്സ് സർട്ടിഫിക്കറ്റുകൾ അപ്ലോഡ് ചെയ്യാൻ സാധിക്കാത്ത വിദ്യാർത്ഥികൾക്കും എഡിറ്റ് പ്രൊഫൈൽ ഓപ്ഷൻ ഉപയോഗിച്ച് സ്പോർട്സ് സർട്ടിഫിക്കറ്റുകൾ പ്രൊഫൈലിൽ ഉൾപ്പെടുത്താവുന്നതാണ്. ഹെൽപ്പ് ലൈൻ നമ്പർ : **8281883053 (Whatsapp also),** ഇമെയിൽ : **bedadmission@keralauniversity.ac.in.**

## പി ജി, എംടെക് (സി.എസ്.എസ്) അഡ്മിഷൻ - 2026

കേരള സർവകലാശാലയിലെ പഠന ഗവേഷണ വകുപ്പുകളിലേയ്ക്കുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിനുള്ള പിജി, എംടെക് (സി.എസ്.എസ്) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പണ സമയത്ത് ഭിന്നശേഷി വിഭാഗത്തിലുള്ള സംവരണത്തിന് യോഗ്യതയുണ്ടെന്നു രേഖപ്പെടുത്തിയ ഭിന്നശേഷി വിഭാഗത്തിൽ ഉൾപ്പെടുന്ന 40% ത്തിനു മുകളിൽ വൈകല്യമുള്ള വിദ്യാർത്ഥികൾ 02-07-2026 മുൻപായി ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റൗട്ടും സംവരണം തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, കേരള സർവകലാശാല, കാര്യവട്ടം 695 581 എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. 02-07-2026 ന് ശേഷം ലഭിക്കുന്ന ആപ്ലിക്കേഷനുകൾ തുടർനടപടികൾക്കു പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക്: 0471 2308328, ഇ-മെയിൽ : **csspghelp2026@gmail.com.**

കേരള സർവകലാശാലയിലെ പഠന വകുപ്പുകളിലേയ്ക്കുള്ള ബിരുദാനന്തര ബിരുദ കോഴ്സുകളിലേക്ക് പ്രവേശനം നേടുന്നതിനുള്ള പി.ജി, എം.ടെക് (സി.എസ്.എസ്) റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഓൺലൈൻ ആപ്ലിക്കേഷൻ സമർപ്പണ സമയത്തു സ്പോർട്സ് ക്വാട്ട വിഭാഗത്തിലുള്ള സംവരണത്തിന് യോഗ്യതയുണ്ടെന്നു രേഖപ്പെടുത്തിയ വിദ്യാർത്ഥികൾ 02-07-2026 ന് മുൻപായി ഓൺലൈൻ ആപ്ലിക്കേഷൻ ഫോമിന്റെ പ്രിന്റൗട്ടും യോഗ്യത തെളിയിക്കുന്നതിനുള്ള രേഖകളുടെ പകർപ്പും സഹിതം ഡെപ്യൂട്ടി രജിസ്ട്രാർ, ക്രെഡിറ്റ് ആന്റ് സെമസ്റ്റർ സിസ്റ്റം, കേരള

സർവകലാശാല, കാര്യവട്ടം, **695 581** എന്ന വിലാസത്തിൽ നേരിട്ടോ തപാൽ മുഖേനയോ എത്തിക്കേണ്ടതാണ്. **02-07-2026** നു ശേഷം ലഭിക്കുന്ന ആപ്ലിക്കേഷനുകൾ തുടർനടപടികൾക്കു പരിഗണിക്കുന്നതല്ല. കൂടുതൽ വിവരങ്ങൾക്ക് : **0471 2308328**, ഇ-മെയിൽ : **csspghelp2026@gmail.com**.

## പിഎച്ച്.ഡി കോഴ്സ് വർക്ക് പരീക്ഷാഫലം

കേരളസർവകലാശാല 2026 മാർച്ചിൽ നടത്തിയ **Ph.D.** കോഴ്സ്‌വർക്ക് പരീക്ഷയുടെ (ഡിസംബർ 2025 സെഷൻ) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ/പ്രോജക്ട്/വൈവവോസി

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ ബിപിഎ മ്യൂസിക്/മ്യൂസിക് വീണ/മ്യൂസിക് വയലിൻ (ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി – 2023 അഡ്മിഷൻ, സപ്ലിമെന്ററി – 2021 **&** 2022 അഡ്മിഷൻ, മേഴ്സിചാൻസ് – 2013, 2017, 2018 **&** 2020 അഡ്മിഷൻ) പ്രാക്ടിക്കൽ പരീക്ഷകൾ 2026 ജൂൺ 29 മുതൽ ആരംഭിക്കുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

കേരള സർവകലാശാലയുടെ നാലാം സെമസ്റ്റർ ബികോം ഹിയറിംഗ് ഇംപയേർഡ്, ജൂൺ 2026 ന്റെ പ്രാക്ടിക്കൽ പരീക്ഷ 2026 ജൂലൈ 10 നും, എട്ടാം സെമസ്റ്റർ ബികോം ഹിയറിംഗ് ഇംപയേർഡ്, ജൂൺ 2026 ന്റെ പ്രോജക്ട്, വൈവവോസി പരീക്ഷ 2026 ജൂലൈ 09 നും നടത്തുന്നു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## സൂക്ഷ്മപരിശോധന

കേരള സർവകലാശാല 2025 നവംബറിൽ നടത്തിയ ആറാം സെമസ്റ്റർ ഇന്റഗ്രേറ്റഡ് എൽഎൽബി പരീക്ഷയുടെ സൂക്ഷ്മപരിശോധനയ്ക്ക് വേണ്ടി അപേക്ഷ സമർപ്പിച്ചിട്ടുള്ള വിദ്യാർത്ഥികൾ ഫോട്ടോ പതിപ്പിച്ച തിരിച്ചറിയൽ കാർഡും, പ്രസ്തുത പരീക്ഷയുടെ ഹാൾ ടിക്കറ്റുമായി 2026 ജൂൺ 30 മുതൽ ജൂലൈ 04 വരെയുള്ള പ്രവൃത്തി ദിനങ്ങളിൽ റീവാല്യൂവേഷൻ ഇ.ജെ. **X** വിഭാഗത്തിൽ ഹാജരാകേണ്ടതാണ്.

## ഓൺലൈൻ രജിസ്ട്രേഷൻ - തീയതി ദീർഘിപ്പിച്ചു

കേരളസർവകലാശാല 2026 ജൂലൈയിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ എൽഎൽഎം പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷന് അപേക്ഷിക്കാവുന്ന തീയതി പിഴ കൂടാതെ 2026 ജൂലൈ 01 വരെയും 150/- രൂപ പിഴയോടെ ജൂലൈ 04 വരെയും 400/- രൂപ പിഴയോടെ ജൂലൈ 07 വരെയും നീട്ടിയിരിക്കുന്നു.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries helpdesk@keralauniversity.ac.in/
**website:** www.keralauniversity.ac.in

| |
|---|
| ***University information is available on*** **9188526670, 9188526671, 9188526674, 9188526675**<br>**Whats App No. 8547330240** |